**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3103 07.02..2018-ൽ മറുപടിയ്ക്ക്

**കോതമംഗലം താലൂക്കിലെ പട്ടയ പ്രശ്നം**

ചോദ്യം
ശ്രീ.ആന്റണി ജോൺ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കോതമംഗലം താലൂക്കിലെ പട്ടയ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അർഹരായവർക്കെല്ലാം പട്ടയം നൽകുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | കോതമംഗലം താലൂക്കിലെ പട്ടയ പ്രശ്നം എന്ന വിഷയത്തിൽ റവന്യൂ, വനം വകുപ്പ് മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ 20.9.2017 ബുധനാഴ്ച 12 മണിയ്ക്ക് റവന്യൂ മന്ത്രിയുടെ ചേംബറിൽ ഒരു യോഗം ചേർന്നിട്ടുള്ളതും പ്രസ്തുത യോഗത്തിൽ, കേന്ദ്രാനുമതി ലഭ്യമായ പ്രദേശങ്ങളിൽ ഭൂമിയുടെ നിലവിലെ കൈവശക്കാർക്ക് 1993-ലെ ഭൂമി പതിവ് ചട്ടം പ്രകാരം പട്ടയം നൽകുന്നതിനുള്ള അർഹത പരിശോധിച്ച് അർഹരായവർക്ക് പട്ടയം നൽകുന്നതിനും, 1.1.97-ന് മുമ്പ് കയ്യേറപ്പെട്ടതും സംയുക്ത പരിശോധനാ ലിസ്റ്റിൽപ്പെട്ട 675.50.38 ഹെക്ടറിൽ ഉൾപ്പെട്ടതുമായ ഭൂമി കൈവശം വച്ചു വരുന്നതും, കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ, നേര്യമംഗലം, കടവൂർ, കീരമ്പാറ, കോട്ടപ്പടി, കുട്ടമംഗലം എന്നീ വില്ലേജുകളിൽപ്പെട്ടതും സംയുക്ത പരിശോധന നടത്തിക്കഴിഞ്ഞിട്ടുള്ളതുമായ പ്രദേശങ്ങളിൽ കേന്ദ്രാനുമതി ലഭ്യമാകാത്തതുമായ ഭൂമിയ്ക്ക് അടിയന്തിരമായി കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും 13.4.1970-ലെ ജി.ഒ(എം.എസ്) 169/70/അഗ്രി. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുള്ള പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി തീരുമാനമായിട്ടുള്ളതാണ്. |
| (സി) | പട്ടയ നടപടികൾ ത്വരിതഗതിയിൽ ആക്കുന്നതിന് വേണ്ടി സ്പെഷ്യൽ തഹസിൽദാരെ നിയമിക്കുമോ; | പരിഗണനയിലില്ല |
| (ഡി) | സ്പെഷ്യൽ തഹസിൽദാർ ഓഫീസ് എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ